(സി) ഒഴിവുകളില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വില്ലേജുമാൻമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

15 [4990] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ എത്ര വില്ലേജുമാൻമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നെടുമങ്ങാട് താലൂക്കിൽ അറുപത്തിനാല് വില്ലേജുമാൻമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ അഞ്ച് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

റവന്യൂ വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി

16 [4991] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ആകെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(ബി) ഏതൊക്കെ തസ്തികകളിലാണ് ഒഴിവുള്ളതെന്നും ഓരോ തസ്തികയിലും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഒഴിവുകൾ നികത്താൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ജോലിഭാരം വളരെ കൂടുതലുള്ള റവന്യൂ ഓഫീസുകളിലേയ്ക്ക് ജീവനക്കാരുടെ സേവനം അധികമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-6-2003-ലെ കണക്കനുസരിച്ച് വിവിധ തസ്തികകളിലായി 1659 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി)	ഡെപ്യൂട്ടി കളക്ടർ	..	34
	തഹസിൽദാർ	..	37
	യു.ഡി.സി.	..	50
	എൽ.ഡി.സി.	..	714
	എൽ.ഡി. ടൈപ്പിസ്റ്റ്	..	50
	വില്ലേജ്മാൻ	..	576
	എൽ.ജി.എസ്.	..	180
	ഡ്രൈവർ	..	18

(സി, ഡി) എൽ.ഡി.ക്ലാർക്ക്, എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ്, വില്ലേജ്മാൻ, ഡ്രൈവർ എന്നീ തസ്തികകളിൽ മറ്റു വകുപ്പുകളിൽ അധികമെന്ന് കണ്ടെത്തിയിട്ടുള്ള വരുടെ വിന്യാസം വഴിയോ സർപ്ലസ് മാൻ പവർ സെല്ലിന്റെ അനുവാദത്തോടെ പി.എസ്.സി. വഴിയോ നിയമനം നടത്തുന്നതിനും ഡെപ്യൂട്ടി കളക്ടർമാരുടേയും തഹസിൽദാർമാരുടേയും ഒഴിവുകൾ നികത്തുന്നതിലേയ്ക്ക് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്ന് നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) സർക്കാരിന്റെ ഇപ്പോഴുള്ള മോശപ്പെട്ട സാമ്പത്തിക സ്ഥിതിമൂലം ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പ്രഗത്ഭരായ ജുഡീഷ്യൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി

17 [4992] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വന്നശേഷം പബ്ലിക് പ്രോസിക്യൂട്ടർ ഉൾപ്പെടെ എത്ര ജുഡീഷ്യൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ച് നിയമിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇവർക്കുവേണ്ടി സർക്കാർ ഖജനാവിൽനിന്നും എത്രരൂപ ചെലവാക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്ര പേരെ വിവിധ ടെസ്റ്റുകൾ മൂലവും എത്രപേരെ നേരിട്ടും നിയമിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly